# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 134 — 28.01.2019 ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ പൈലറ്റ് വാഹനം ഇടിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരത്ത് ജനുവരി 3-ാം തീയതി മുഖ്യമന്ത്രിയുടെ പൈലറ്റ് വാഹനം യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ഇടിച്ച് പരിക്കേല്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പരിക്കേറ്റുവെന്ന് അറിയിക്കുമോ; | (എ) ബഹു.മുഖ്യമന്ത്രിയുടെ പൈലറ്റ് വാഹനത്തിന് മുന്നിൽ ചാടിയ 4 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. |
| (ബി) പരിക്ക് പറ്റിയ പ്രസ്തുത പ്രവർത്തകരെ മെഡിക്കൽ കോളേജിലെ സെൽ വാർഡിൽ പ്രവേശിപ്പിച്ചിരുന്നോ; ഗുരുതരമായി പരിക്കേറ്റ് പരസഹായം കൂടാതെ നടക്കുവാൻ പോലും കഴിയാത്ത പ്രവർത്തകരെ സെൽ വാർഡിലേക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് അറിയിക്കുമോ; | (ബി) പ്രവേശിപ്പിച്ചിരുന്നു. വ്യക്തികൾ ജുഡീഷ്യൽ കസ്റ്റഡിയിലായിരിക്കുമ്പോൾ ചികിത്സയിൽ കഴിഞ്ഞുവരുകയാണെങ്കിൽ ബഹു.കോടതി ഉത്തരവു പ്രകാരം സെല്ലിലേയ്ക്ക് മാറ്റാറുണ്ട്. |
| (സി) പ്രസ്തുത പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്ന് അറിയിക്കുമോ; | (സി) കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 18/2019 U/s 143,147,149,283,353 IPC &Sec.39 r/w 121 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) പൈലറ്റ് വാഹനം വെട്ടിത്തിരിച്ച് പ്രവർത്തകരെ മനഃപൂർവ്വം ഇടിച്ച് പരിക്കേല്പിച്ച പൊലീസ് ഡ്രൈവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് അറിയിക്കുമോ? | (ഡി) പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.പ്രതിപക്ഷ നേതാവ് സംസ്ഥാന പോലീസ് മേധാവിയ്ക്ക് നൽകിയ പരാതി അന്വേഷണത്തിലാണ്. |

സെക്ഷൻ ഓഫീസർ